**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2280** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് ടെക്നീഷ്യൻ തസ്തികകളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിൽ G.O. (MS) No.136/2017/H&FWD ഉത്തരവ് പ്രകാരം സൃഷ്ടിച്ച 68 ഡയാലിസിസ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികകളിൽ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ചത് വെറും രണ്ട് തസ്തിക മാത്രമാണെന്നത് സർക്കാറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്ക് ആശുപത്രികളിൽ 2 ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയാണ് അനുവദനീയമായിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ 2 ഡയാലിസിസ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചിരിക്കുന്നത്. |
| (ബി) | നൂറിൽപ്പരം രോഗികൾക്ക് ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്ന ഈ ആശുപത്രിയിൽ ജോലിക്ക് കുറഞ്ഞത് 16 ജീവനക്കാർ ആവശ്യമാണെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 16 ഡയാലിസിസ് മെഷീൻ ഉപയോഗിച്ച് 3 ഷിഫ്റ്റുകളിലായി 81 രോഗികൾക്കാണ് ചികിത്സ നൽകി വരുന്നത്. കാസ്പ് മുഖേന 7 ഡയാലിസിസ് ടെക്നീഷ്യൻമാരും, 4 നഴ്സിംഗ് ഓഫീസർമാരും, ഇതുകൂടാതെ 4 ഡയാലിസിസ് ടെക്നീഷ്യൻ ട്രെയിനികളും ജോലി ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ